**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മുക്തരുടെ തുടർ ചികിൽസ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുല്ലക്കര രത്നാകരൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് രോഗമുക്തരായവരിൽ തുടർ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കോവിഡ് രോഗമുക്തി വന്ന രോഗികളിൽ പലവിധങ്ങളായ ആരോഗ്യപ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യപ്രശ്നങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. പരിഹരിക്കപ്പെടാവുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഈ ആശുപത്രികളിൽ വിവിധ സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ എഴുപത്തി മൂവായിരത്തിൽ പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകിയിട്ടുണ്ട്. പോസ്റ്റ് കോവിഡ് സിൻഡ്രോം ഉള്ളവരെ നിരീക്ഷിച്ച് അത്തരക്കാർക്ക് വേണ്ട എല്ലാ ചികിത്സയും സർക്കാർ നൽകി വരുന്നു. |
| (ബി) | കോവിഡ് മുക്തി നേടിയവർക്കർക്കായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള തുടർ ചികിത്സാ സൗകര്യങ്ങൾ വിശദമാക്കാമോ ? | (ബി) | കോവിഡ് രോഗമുക്തി വന്ന രോഗികളിൽ പലവിധങ്ങളായ ആരോഗ്യപ്രശ്നങ്ങളെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ലഘുവായ ആരോഗ്യപ്രശ്നങ്ങൾ മുതൽ ഗുരുതരമായ രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്നു. കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. പരിഹരിക്കപ്പെടാവുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഈ ആശുപത്രികളിൽ വിവിധ സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ എഴുപത്തി മൂവായിരത്തിൽ പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകിയിട്ടുണ്ട്. പോസ്റ്റ് കോവിഡ് സിൻഡ്രോം ഉള്ളവരെ നിരീക്ഷിച്ച് അത്തരക്കാർക്ക് വേണ്ട എല്ലാ ചികിത്സയും സർക്കാർ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ